# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4520 — 26-06-2014-ലെ മറുപടിക്ക്

### സപ്ലൈകോയിൽ സാധനങ്ങളുടെ വിൽപ്പനയും ഗുണമേന്മ പരിശോധനയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| എ) | സപ്ലൈകോയിൽ സബ്സിഡി സാധനങ്ങളുടെ വിൽപ്പന ഇരുപത് ശതമാനമാക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? | എ) | സപ്ലൈകോ വിൽപ്പനശാലകൾ (പ്രത്യേകിച്ച് സൂപ്പർ മാർക്കറ്റുകൾ) വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ പൊതു ജനങ്ങളുടെ അവശ്യാനുസരണം ലഭ്യമാക്കി അവയുടെ വിൽപ്പന ആകെ വിൽപ്പനയുടെ 80 ശതമാനമാക്കണമെന്ന് ഡിപ്പോ മാനേജർമാരുടെയും സൂപ്പർമാർക്കറ്റ് മാനേജർമാരുടേയും യോഗങ്ങളിൽ നിർദ്ദേശിക്കാറുണ്ട്.<br><br>സബ്സിഡി സാധനങ്ങൾ അവശ്യാനുസരണം എല്ലാ വിൽപ്പനശാലകളിലും ലഭ്യമാക്കണമെന്ന് കർശന നിർദ്ദേശം എല്ലാ ഡിപ്പോ മാനേജർമാർക്കും നൽകിയിട്ടുണ്ട്. അല്ലാതെ സബ്സിഡി സാധനങ്ങളുടെ ലഭ്യതയും വിൽപ്പനയും കുറയ്ക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.<br><br>സബ്സിഡി സാധനങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതോടൊപ്പം സബ്സിഡി ഇതര സാധനങ്ങളുടെയും വിൽപ്പനയും വർദ്ധിപ്പിക്കണം എന്നാണ് ഇത്തരത്തിലുള്ള നിർദ്ദേശംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം നിർദ്ദേശംമൂലം ജനങ്ങൾക്ക് ആവശ്യമുള്ള സബ്സിഡി ഉൽപ്പന്നങ്ങളും, പൊതുവിപണിയിലെ/MRPയെക്കാളും ശരാശരി 10 മുതൽ 20 ശതമാനംവരെ വിലക്കുറവിൽ സബ്സിഡി ഇതര ഉൽപ്പന്നങ്ങളും ഒരേ കുടക്കീഴിൽ ലഭ്യമാകുന്നു. കോർപ്പറേഷന്റെ നിലനിൽപ്പിന് ഇത് ആവശ്യവുമാണ്. |
| ബി) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള ലിമിറ്റഡ് കമ്പനികളോട് ലാഭം കൂട്ടിത്തരണമെന്ന് ആവശ്യപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ബി) | ശ്രദ്ധയിൽപ്പെട്ടില്ല. |

**സി)** സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്ന ക്വാളിറ്റി അഷ്വറൻസ് കൺട്രോളർമാരോട് പരിശോധനയിൽ നിന്ന് വിട്ടുനിൽക്കാൻ വാക്കാൽ നിർദ്ദേശം നൽകിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

**സി)** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്ന ക്വാളിറ്റി അഷ്വറൻസ് ആഫീസർമാരോട് പരിശോധനയിൽനിന്നും വിട്ടു നിൽക്കുവാൻ വാക്കാലോ, രേഖമൂലമോ യാതൊരു നിർദ്ദേശങ്ങളും നൽകിയിട്ടില്ല. മാത്രമല്ല, സാധനങ്ങളുടെ ഗുണമേന്മ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കുള്ളിൽ തന്നെ ഉറപ്പു വരുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

Beena

**സെക്ഷൻ ഓഫീസർ**